# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 03-08-2012

## പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള നീക്കം ചെറുക്കും

**കെ.എസ്.ടി.എ**

**കേരളത്തിൽ നിലവിലുള്ള പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള നീക്കത്തെ ചെറുത്തുപരാജയപ്പെടുത്തുമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണം ഉടൻ ആരംഭിക്കണമെന്ന് ജൂലൈ 19 ന് വിദ്യാഭ്യാസമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നത അവലോകനയോഗം തീരുമാനിച്ചിരിക്കുകയാണ്. ഇതിനായി എസ്.സി.ഇ.ആർ.ടി. യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ നിലവിലുള്ള പാഠ്യപദ്ധതിയായ കെ.സി.എഫ് 2007, നിലവിൽ വന്നിട്ട് 5 വർഷം തികയുന്നതേയുള്ളൂ. പാഠ്യപദ്ധതിയുടെ ഭാഗമായി നടക്കേ പാഠപുസ്തക പരിഷ്ക്കരണം 10-ാം ക്ലാസുവരെ മാത്രമേ നടന്നിട്ടുള്ളൂ. ഹയർസെക്കന്ററിയിലെ പുസ്തക പരിഷ്ക്കരണം സർക്കാർ ഇതുവരെയും ആരംഭിച്ചിട്ടില്ല. നിലവിലുള്ള പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള നീക്കങ്ങളാണ് പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (എൻ.സി.എഫ്-2005) അടിസ്ഥാനത്തിലാണ് 2005 ൽ കേരളത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരണം നടന്നത്. പാഠ്യപദ്ധതി വിഭാവനം ചെയ്ത കാര്യങ്ങൾ പരിശോധിച്ച് നടപ്പാക്കാൻ ശ്രമിക്കാതെ കരിക്കുലം റിവിഷനെക്കുറിച്ച് തീരുമാനിക്കുന്നത് വിദ്യാഭ്യാസരംഗത്തെ അക്കാദമിക നേട്ടങ്ങളെ ഇല്ലാതാക്കാനാണ്.**

**എൻ.സി.ഇ.ആർ.ടി യുടെ അഭിനന്ദനം നേടിയ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളുമാണ് നമ്മുടേത്. ഈ വസ്തുതകൾ മനസ്സിലാക്കാതെ നിലവിലുള്ളത് മാറ്റാൻ തീരുമാനിക്കുന്നത് ആത്മഹത്യാപരമാണ്. ഒന്നുമുതൽ 8 വരെ പാഠപുസ്തകങ്ങൾ ഒരുവർഷംകൊ് മാറ്റണമെന്നാണ് തീരുമാനം. ഇത് മനുഷ്യസാധ്യമല്ല. ഒരു സ്റ്റാൻഡേർഡിൽ തന്നെ എഴുപതോളം പുസ്തകങ്ങളും അതിന്റെ വിവർത്തനങ്ങളും തയ്യാറാക്കേതു്. ആയിരത്തോളം വ്യത്യസ്ഥ ടൈറ്റിലിലുള്ള പുസ്തകങ്ങൾ ഒരുവർഷംകൊ് തയ്യാറാക്കാനുള്ള നിർദ്ദേശംതന്നെ സ്കൂൾ വിദ്യാഭ്യാസത്തെ പ്രതിസന്ധിയിലാക്കുന്നതാണ്.**

**പാഠ്യപദ്ധതി, പാഠപുസ്തകം എന്നിവയെക്കുറിച്ച് വ്യക്തമായ പഠനമോ നിർദ്ദേശമോ ഇല്ലാതെയുള്ള സർക്കാർതീരുമാനം അക്കാദമിക സമൂഹത്തിന് അംഗീകരിക്കാൻ കഴിയില്ല. പൊതുവിദ്യാലങ്ങളെ തകർക്കാനുള്ള ബോധപൂർവ്വമായ നീക്കങ്ങളായിട്ടേ ഇതിനെ കാണാൻകഴിയൂ. പാഠ്യപദ്ധതിയെ അട്ടിമറിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്മാറിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.**

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി